# കേരള കാർഷിക സർവ്വകലാശാല

## കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗം,
## ഹോർട്ടികൾച്ചർ കോളേജ്, വെള്ളാനിക്കര

Email: cohagmet@kau.in & kauagmet@yahoo.co.in

**കാർഷിക കാലാവസ്ഥ നിർദ്ദേശക ബുള്ളറ്റിൻ**

## തൃശ്ശൂർ ജില്ല

**കേരള കാർഷിക സർവ്വകലാശാല കാർഷിക കാലാവസ്ഥാ ശാസ്ത്ര പഠന വിഭാഗത്തിന്റെയും, ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെയും, കേരള കൃഷി വകുപ്പിന്റെയും സഹകരണത്തോടെ തയ്യാറാക്കുന്നത്.**

എ.എ.എസ് 38/2019(76), വെള്ളിയാഴ്ച്ച തീയ്യതി 20.09.2019

**കഴിഞ്ഞ ആഴ്ചയിലെ അന്തരീക്ഷസ്ഥിതി:** കഴിഞ്ഞ ആഴ്ച്ച വെള്ളാനിക്കരയിൽ 45.3 മി.മീ മഴ ലഭിച്ചു. ഏറ്റവും ഉയർന്നതാപനില 30.3 മുതൽ 32.1 ഡിഗ്രി സെൽഷ്യസും ഏറ്റവും കുറഞ്ഞതാപനില 22.0മുതൽ 23.3 ഡിഗ്രി സെൽഷ്യസും, രാവിലത്തെ അന്തരീക്ഷ ആർദ്രത 93 മുതൽ 98 ശതമാനം വരെയും, ഉച്ചത്തെ അന്തരീക്ഷ ആർദ്രത 66 മുതൽ 80 ശതമാനം വരെയും ആയിരുന്നു. കാറ്റിന്റെ വേഗത മണിക്കൂറിൽ 0.9 മുതൽ 1.9 കിലോമീറ്ററും, സൂര്യ പ്രകാശത്തിന്റെ അളവ് ദിനം പ്രതി 0.9 മുതൽ 6.6 മണിക്കൂറും, ബാഷ്പീകരണം ദിനം പ്രതി 1.8 മുതൽ 3.2 മില്ലി.മീറ്റർ വരെയും ആയിരുന്നു.

**അടുത്ത 5 ദിവസത്തേക്കുള്ള കാലാവസ്ഥാ പ്രവചനം:**

| കാലാവസ്ഥാ ഘടകങ്ങൾ | 21.09.2019 | 22.09.2019 | 23.09.2019 | 24.09.2019 | 25.09.2019 |
|---|---|---|---|---|---|
| മഴ (മില്ലി.മീറ്റർ) | 8 | 8 | 7 | 13 | 13 |
| ഉയർന്ന താപനില (°C) | 32 | 32 | 32 | 32 | 32 |
| കുറഞ്ഞ താപനില (°C) | 23 | 23 | 23 | 23 | 23 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 98 | 98 | 98 | 98 | 98 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 76 | 76 | 76 | 76 | 76 |
| കാറ്റിന്റെവേഗത (കിലോമീറ്റർ/മണിക്കൂർ) | 8 | 8 | 6 | 8 | 4 |
| കാറ്റിന്റെ ദിശ (ഡിഗ്രി) | 230 | 250 | 250 | 230 | 230 |
| മേഘവ്യാപ്തി (ഒക്ട) | 7 | 7 | 6 | 8 | 8 |
| ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെയും, കെ.എ.യുവിന്റെയും പ്രവചനമനുസരിച്ച് നിലവിലെ സാഹചര്യത്തിൽ, ജില്ലയിൽ ആഴ്ച്ചയുടെ അവസാനം മഴയുടെ തീവ്രത കൂടാൻ സാധ്യത ഉണ്ട്. | | | | | |

## കാർഷിക നിർദ്ദേശങ്ങൾ:

| വിളകൾ | രോഗ കീടങ്ങൾ | കാർഷിക നിർദ്ദേശങ്ങൾ |
|---|---|---|
| പൊതു നിർദ്ദേശങ്ങൾ: കാർഷിക വിളകളെ വിളനാശത്തിൽ നിന്നും മഴക്കാല രോഗകീടങ്ങളിൽ നിന്നും സംരക്ഷിക്കുന്നതിനായി കൃഷിയിടങ്ങളിൽ മതിയായ നീർവാർച്ച സൗകര്യങ്ങൾ ഒരുക്കി കൊടുക്കുക. | | |
| നെല്ല് (വിരിപ്പ്) പാലുറയ്ക്കുന്ന പരുവം | ബാക്ടീരിയൽ ഇല കരിച്ചൽ | മഴക്കാലത്ത്, നെല്ലിൽ ബാക്ടീരിയ മൂലമുള്ള ഇലകരിച്ചിൽ പടരാതെ നിയന്ത്രിക്കാൻ 20 ഗ്രാം പച്ചചാണകം ഒരുലിറ്റർ വെള്ളത്തിൽ കലക്കി തെളിയെടുത്തതും, 20ഗ്രാം സ്യൂഡോമോണാസ് ഒരുലിറ്റർ വെള്ളത്തിൽ കലക്കിയതും ചേർത്ത് തളിക്കാവുന്നതാണ്. |
| തെങ്ങ് | കൂമ്പുചീയൽ | മഴക്കാലമായതിനാൽ, തെങ്ങിലെ കൂമ്പുചീയൽ രോഗത്തിനു മുൻകരുതലായി സുഷിരങ്ങൾ ഇട്ട മാങ്കോസെബ് സാഷ് ഒരു പായ്ക്കറ്റിൽ അഞ്ച് ഗ്രാം വീതം മൂന്ന് എണ്ണം ഓരോ തെങ്ങിന്റെയും കൂമ്പിനു ചുറ്റും വയ്ക്കുക. |
| ജാതി | കായ് അഴുകൽ, ഇല പൊഴിച്ചിൽ | മഴക്കാലത്ത്, ജാതിയിൽ കായ്അഴുകൽ, ഇലപൊഴിച്ചിൽ എന്നീ രോഗങ്ങൾ വരാൻ സാധ്യതയുണ്ട്. മുൻകരുതലായി രണ്ടു കിലോ ട്രൈക്കോഡെർമ, 90 കിലോ ചാണകപ്പൊടിയും, 10 കിലോ വേപ്പിൻപിണ്ണാക്കുമായി കൂട്ടികലർത്തി ആവശ്യത്തിന് ഈർപ്പം നിലനിൽക്കത്തക്കവണ്ണം രണ്ടാഴ്ച്ചവെച്ച മിശ്രിതത്തിൽ നിന്ന് 2.5 കിലോ വീതം ഓരോ ചെടിക്ക് ചുവട്ടിലും ഇട്ടുകൊടുക്കുക. ഒരു മാസത്തിനു ശേഷം സ്യൂഡോമോണാസ് 20 ഗ്രാം ഒരുലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക അല്ലെങ്കിൽ 1% വീര്യമുള്ള ബോർഡോ മിശ്രിതം കലക്കി തളിക്കുക. മണ്ണിലെ അമ്ളത്വം കുറയ്ക്കാനായി കുമ്മായം ഇട്ടുകൊടുക്കാവുന്നതാണ്. |
| വാഴ | ഇലപ്പുള്ളി രോഗം | മഴക്കാലമായതിനാൽ വാഴയിൽ ഇലപ്പുള്ളിരോഗത്തിനു സാധ്യതയുണ്ട്. മുൻകരുതലായി 20 ഗ്രാം സ്യൂഡോമോണാസ് ഒരു ലിറ്റർ വെള്ളത്തിൽ ചേർത്ത് കുളിർക്കെ തളിക്കുക. രണ്ട് ആഴ്ചക്കു ശേഷവും രോഗത്തിനു കുറവില്ലെങ്കിൽ രണ്ട് മി.ലി ഹെക്സാകൊണാസോൾ ഒരു ലിറ്റർ വെള്ളത്തിൽ അല്ലെങ്കിൽ ഒരു മി.ലി പ്രോപികൊണാസോൾ ഒരു ലിറ്റർ വെള്ളത്തിൽ പശ ചേർത്ത് ഇലയുടെ അടിയിൽ പതിയത്തക്ക വിധം കുളിർക്കെ തളിക്കുക.. |
| മൃഗസംരക്ഷണം | • തൊഴുത്തിലും പരിസര പ്രദേശങ്ങളിലും വെള്ളം കെട്ടിനിൽക്കുന്നതും, മലിനജലം കെട്ടി നിൽക്കുന്നതും, കൊതുക്, ഈച്ച എന്നിവ പെരുകുന്നതും ഒഴിവാക്കണം. (CAADECCS, KVASU മണ്ണുത്തി) | |